ഭരണഭാഷ-മാതൃഭാഷ

നം.3/2026/ഡി.ഐ.ഒ. ഐ.ഡി.കെ.

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഇടുക്കി
കളക്ട്രേറ്റ്, കുയിലിമല, പിൻ-685 603
ഇ-മെയിൽ : dio.idk@gmail.com
ഫോൺ: 04862 233036,
തീയതി: 31/1/2026

പത്രക്കുറിപ്പ്

## ഹ്രസ്വവീഡിയോ നിർമ്മാണം - പ്രചാരണം:
## താല്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന സര്ക്കാരിന്റെ ഇടുക്കി ജില്ലയിലെ വികസന - ക്ഷേമ പ്രവര്ത്തനങ്ങള് സംബന്ധിച്ച് വ്യത്യസ്തവും നൂതനവുമായ ആശയങ്ങള് അടിസ്ഥാനമാക്കി റീല്സ് / ഷോര്ട്സ് ഉള്പ്പെടെയുള്ള ഹ്രസ്വ വീഡിയോകള് നിര്മ്മിക്കാനും അവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാനും താല്പര്യമുള്ള ഡിജിറ്റല് മാര്ക്കറ്റിംഗ് ഏജന്സികള്, വ്ലോഗര്മാര്, ഡിജിറ്റല് മീഡിയ ഏജന്സികള്, വിഡീയോ പ്രൊഡക്ഷന് സ്ഥാപനങ്ങള്, വിഡിയോഗ്രാഫര്മാര് എന്നിവരുടെ താല്ക്കാലിക പാനല് രൂപീകരിച്ച് തുടര്പ്രവര്ത്തനങ്ങള് നടത്താനായി താല്പര്യപത്രവും പ്രൊപ്പോസലും ക്ഷണിക്കുന്നു.

സര്ക്കാര് പദ്ധതികളുടെ വിഷ്വലുകള് (ഹെലിക്യാം ഉള്പ്പെടെ) ഷൂട്ട് ചെയ്യുകയും കണ്ടന്റ് തയ്യാറാക്കി എഡിറ്റ് ചെയ്യുകയും വേണം. നിര്ദ്ദേശിക്കപ്പെടുന്നവ സ്വന്തനിലയിൽ സോഷ്യല് മീഡിയ പ്ലാറ്റ്ഫോമുകള് വഴി പ്രചരിപ്പിക്കണം.

വീഡിയോ പ്രൊഡക്ഷനും സോഷ്യല് മീഡിയ പ്രചാരണത്തിനും വെവ്വേറെയും ഒന്നിച്ചും താല്പര്യപത്രവും പ്രൊപ്പോസലും സമര്പ്പിക്കാം. വിശദവിവരം ഇടുക്കി ജില്ലാ ഇന്ഫര്മേഷന് ഓഫീസിലെ നോട്ടീസ് ബോര്ഡില് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതല് വിവരങ്ങള്ക്ക് ഫോണ്: 04862 233036, 9846856982, 9496924773.

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കോട്ടയം-2
ഐ. & പി.ആർ.ഡി.

പ്രമോദ് കുമാർ കെ.ആർ.
ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇൻ -ചാർജ്, ഇടുക്കി
& മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പകർപ്പ്:
1) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം, പത്തനംതിട്ട
2) ഇൻഫർമേഷൻ ഓഫീസർ, പ്രസ് റിലീസ് വിഭാഗം, ഡയറക്ടറേറ്റ്
3) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടറേറ്റ്
4) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഐ & പി.ആർഡി. കോട്ടയം
5) കരുതൽ ഫയൽ
6) ഓഫീസ് കോപ്പി